പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5007

14.11.2019-ൽ മറുപടിക്ക്

## മഹ ചുഴലിക്കാറ്റ് മൂലമുണ്ടായ നാശനഷ്ടങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.കെ.ജെ. മാക്സി : | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | മഹ ചുഴലിക്കാറ്റിന്റെയും അതുമൂലമുണ്ടായ കടലാക്രമണത്തിന്റെയും ഫലമായി സംസ്ഥാനത്തെ തീരദേശമേഖലയിൽ വ്യാപകമായ നാശനഷ്ടം സംഭവിച്ചിട്ടുണ്ടോ; | (എ) | മഹ ചുഴലിക്കാറ്റിന്റെയും അതുമൂലമുണ്ടായ കടലാക്രമണത്തിലും സംസ്ഥാനത്തെ തീരദേശ മേഖലയിൽ നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ എപ്രകാരമുള്ള നാശനഷ്ടങ്ങളാണ് സംഭവിച്ചതെന്നും ആയതു വഴി എത്ര തുകയുടെ നാശനഷ്ടം സംഭവിച്ചുവെന്നും എത്ര തുക ധനസഹായമായി നൽകിയെന്നും എത്രപേർക്ക് ആയതിന്റെ പ്രയോജനം ലഭിച്ചുവെന്നും വ്യക്തമാക്കാമോ; | (ബി) | കേരളത്തിലെ തീര മേഖലയിലെ മത്സ്യത്തൊഴിലാളികളുടെ വീടുകൾക്ക് പൂർണ്ണമായും ഭാഗികമായും നാശനഷ്ടമുണ്ടായതിനും, വള്ളം, വല എന്നിവ നഷ്ടപ്പെട്ടതിനും യാനങ്ങളുടെ എഞ്ചിനുകൾക്ക് നാശനഷ്ടം സംഭവിച്ചതിനും ആനുകൂല്യങ്ങൾക്കായി അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അത് പ്രകാരം എത്ര രൂപയുടെ നാശനഷ്ടം സംഭവിച്ചു എന്ന് തിട്ടപ്പെടുത്തി വരികയാണ്. കൂടാതെ തിരുവനന്തപുരം, കണ്ണൂർ ജില്ലകളിൽപ്പെട്ട ഓരോ മത്സ്യത്തൊഴിലാളികളെ കാണാതായിട്ടുണ്ട്. |
| (സി) | ഇതുമായി ബന്ധപ്പെട്ട് കൊച്ചി മണ്ഡലത്തിലെ തീരപ്രദേശങ്ങളിൽ ഉണ്ടായ നാശനഷ്ടങ്ങൾ എന്തൊക്കെയാണെന്നും എത്ര തുകയുടെ നാശനഷ്ടം സംഭവിച്ചുവെന്നും എന്തൊക്കെ സഹായങ്ങൾ സർക്കാർ നൽകിയെന്നും എത്രപേർക്ക് ആയതിന്റെ ഗുണം ലഭിച്ചുവെന്നും വ്യക്തമാക്കുമോ? | (സി) | മഹ ചുഴലിക്കാറ്റുമായി ബന്ധപ്പെട്ട് കൊച്ചി മണ്ഡലത്തിലെ ഫോർട്ട് കൊച്ചി, കണ്ണമാലി, മാനാശ്ശേരി എന്നീ മത്സ്യഗ്രാമങ്ങളിലെ മത്സ്യത്തൊഴി ലാളികളുടെ മത്സ്യബന്ധന ഉപകരണങ്ങൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. നാശനഷ്ടത്തുക എത്രയെന്ന് തിട്ടപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിൽ ആർക്കും ധനസഹായം അനുവദിച്ച് നൽകിയിട്ടില്ല.<br>മഹ ചുഴലിക്കാറ്റിന്റെയും അതിതീവ്ര ന്യൂനമർദ്ദത്തിന്റെയും പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്ക് കടലിൽ മീൻ പിടിക്കാൻ പോകാൻ കഴിയാത്ത സാഹചര്യം കണക്കിലെടുത്ത് ഒരാഴ്ചത്തെ സൗജന്യ റേഷൻ നൽകുന്നതിനും ഒരു മത്സ്യത്തൊഴിലാളി കുടുംബത്തിന് 2,000/- രൂപ വെച്ച് 1,60,836/- മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് തുക അനുവദിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ